II. പ്രസ്താവന—ശ്രീ. എ. എ. റഹിം ചെയ്ത പ്രസ്താവന

ശ്രീ. എ. എ. റഹിം: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, നേരത്തെ ചോദ്യോത്തരവേളയിൽ രണ്ടു മന്ത്രിമാർ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയും അതിന്റെ മറുപടിയെന്ന നിലയിൽ അങ്ങ് ഒരു പ്രഖ്യാപനം നടത്തുകയും ചെയ്തു. അല്ലെങ്കിൽ അതിനു റൂളിംഗ് കൊടുക്കുകയും ചെയ്തു. അതിനുശേഷം അങ്ങു പറഞ്ഞിട്ടുള്ളത് കാസ്റ്റിംഗ് വൈമിൽ പോയിന്റ് ഓഫ് ഓർഡർ പാടില്ലെന്നാണ്. അങ്ങനെയാണെങ്കിൽ അങ്ങു നടത്തിയ ആ പ്രഖ്യാപനം റൂളിംഗ് ആണോ അല്ലയോ അല്ലെങ്കിൽ ആ പ്രഖ്യാപനം സഭാനടപടികളിൽ വരുമോ ഇല്ലയോ എന്നുള്ളതു വ്യക്തമാക്കിയാൽ കൊള്ളാം. മന്ത്രിമാർ മറുപടി പറയുന്നതിൽ ഇടപെടാൻ പാടില്ലെന്നായിരുന്നു പ്രഖ്യാപനം. ആ പ്രഖ്യാപനം സഭാനടപടികളിൽ വരുമോ; അതു റൂളിംഗ് ആണോ, പോയിന്റ് ഓഫ് ഓർഡറിനു കൊടുത്ത റൂളിംഗാണോ എന്നു ഞങ്ങൾക്കു വ്യക്തമല്ലാത്തതുകൊണ്ട് അതൊന്നു വ്യക്തമാക്കിയാൽ കൊള്ളാം. 9.30 A.M.]

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അതിനു റൂളിംഗ് നൽകുന്നതിനു മുൻപ് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപെടുത്താനുണ്ട്. പോയിന്റ് ഓഫ് ഓർഡർ എന്നു പറഞ്ഞുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി വരദരാജൻനായർ ആദ്യം എഴുന്നേറ്റത്. അതു ടേപ്പുറിക്കാർഡർ പരിശോധിച്ചാൽ കാണാൻ കഴിയും. അതു നമ്മൾ നിശ്ചയിക്കേണ്ട. അതിനു ശേഷം അങ്ങ് ഒരു അഭിപ്രായപ്രകടനം നടത്തി. ഈ ഭാഗത്തുനിന്നു പോയിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്തപ്പോൾ കാസ്റ്റിംഗ് വൈമിൽ പാടില്ലെന്നു പറഞ്ഞു. അപ്പോൾ മന്ത്രിമാർ പറഞ്ഞത് എന്താണ് അതിനു മറുപടിയായി അങ്ങു നൽകിയിട്ടുള്ളത് റൂളിംഗ് ആണോ അഭിപ്രായപ്രകടനമാണോ? പോയിന്റ് ഓഫ് ഓർഡർ അല്ലെങ്കിൽ ചോദ്യത്തിനു മറുപടി പറയാൻ ബാധ്യസ്ഥനല്ലാത്ത ആളുകൾക്കു ഇതുപോലെ സബ്മിഷൻ ചെയ്യാൻ അവകാശമുണ്ടോ? ഒന്നുകിൽ പോയിന്റ് ഓഫ് ഓർഡർ ആകണം. അല്ലെങ്കിൽ പിന്നെ ഉത്തരം പറയാൻ അവകാശമില്ലാത്ത മന്ത്രി ചോദ്യോത്തരസമയത്തു എഴുന്നേറ്റു നിന്നു സംസാരിച്ചത് എന്തു വകുപ്പിൽപെടുമെന്നു ഒന്നു വ്യക്തമാക്കണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇതിനെ സംബന്ധിച്ച്....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് മാർക്സിസ്റ്റു പാർട്ടി ഡെ. ലീഡർ അഭിപ്രായം പറഞ്ഞു. അതുപോലെതന്നെ ഭരണകക്ഷി ഭാഗത്തുനിന്നുകൂടി അഭിപ്രായം ചോദിക്കുന്നു. കൂടുതൽ ആളുകളുടെ അഭിപ്രായം ആവശ്യമില്ല.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ചോദ്യോത്തരസമയത്തു പോയിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്തു കൂടാ എന്നൊരു കീഴ്വഴക്കമുണ്ടെങ്കിലും എന്തെങ്കിലും ഒരു പ്രധാനപ്പെട്ട സംഗതിയിൽ ഒരു മെമ്പർക്കു ഒരു സബ്മിഷൻ എന്ന നിലയിലോ മറ്റേതെങ്കിലും പദപ്രയോഗത്തോടുകൂടിയോ സ്പീക്കറുടെ ശ്രദ്ധയിൽ

LIBRARY ARCHIVES Kerala Legislative Assembly

വളരെ ഗൗരുതരമായ പ്രശ്നം കൊണ്ടുവരാവുന്നതാണ്. അങ്ങനെ ഗൗരുതരമായ പ്രശ്നം കൊണ്ടുവന്നാൽ ബഹുമാനപ്പെട്ട ഡെ.സ്പീക്കർക്ക് അതിന്റെമേൽ റൂളിംഗ് നൽകാം. അതു പോയിന്റ് ഓഫ് ഓർഡർ ആണെന്നു വ്യാഖ്യാനിക്കുവാൻ നമുക്കു കഴിയുകയില്ല. ഇവിടെ നടന്ന സംഭവം ഈ നിയമസഭയിൽ പലകാലങ്ങളായി ഉണ്ടായിട്ടുള്ള റൂളിംഗുകളുടെ അടിസ്ഥാനത്തിൽ ഒരു ബഹുമാനപ്പെട്ട മെമ്പർ അതു മന്ത്രി തന്നെ ആകട്ടെ മറ്റാരുതന്നെ ആകട്ടെ കളവു പറയുന്നു എന്ന വാക്കു അൺപാർലമെന്ററി ആണെന്നു വളരെയധികം റൂളിംഗുകളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി കളവു പറയുന്നു എന്നു പറഞ്ഞ സാഹചര്യത്തിൽ ഞങ്ങളും പല മന്ത്രിമാരും എഴുന്നേൽക്കുകയുണ്ടായി. ചിലയാളുകൾ പോയിന്റ് ഓഫ് ഓർഡർ എന്നു പറഞ്ഞുകാണാം. ആരെങ്കിലും പറഞ്ഞുകാണും. ഞാൻ ഉള്ള സത്യം പറയുകയാണ്. ഏതെങ്കിലുമൊരു മെമ്പർ അതിനെ ഒബ്ജക്ട് ചെയ്തുകാണും. വേറൊരു മെമ്പർ ഡെ. സ്പീക്കറുടെ അഭിപ്രായം ആരാഞ്ഞുകാണും. പക്ഷേ ഇവിടെ പ്രസക്തമായിട്ടുള്ളത് അൺപാർലമെന്ററിയായി ഉപയോഗിച്ച വാക്കു തെറ്റാണ്, അതു പിൻവലിക്കണം, അത് എക്സ്പഞ്ചു ചെയ്യണം എന്ന അഭിപ്രായപ്രകടനമാണ്. അതു ബഹുമാനപ്പെട്ട ഡെ.സ്പീക്കർ പറഞ്ഞു; ''ഞാൻ പോയിന്റ് ഓഫ് ഓർഡറിന്റെ മേലല്ല റൂളിംഗ് നൽകിയിട്ടുള്ളത്, പോയിന്റ് ഓഫ് ഓർഡർ സ്വീകരിച്ചിട്ടില്ല'' എന്ന് അപ്പോഴാണ് ബഹുമാനപ്പെട്ട ഡെ. സ്പീക്കറുടെ അഭിപ്രായപ്രകടനമാണ് ഇവിടെ നടത്തിയത് എന്നു ഡെ. സ്പീക്കർ പറയുകയുണ്ടായി. ആ നിലയിൽ സർ ഇതിലുള്ള കാര്യങ്ങളും വളരെ വ്യക്തമാണ്.

മി. ഡെ. സ്പീക്കർ: ഈ പ്രശ്നം അത്രമാത്രമൊന്നും ചർച്ചയ്ക്കു വിഷയമാക്കേണ്ടതില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എനിക്കു പറയാനുള്ളതു കേൾക്കണം.

മി. ഡെ. സ്പീക്കർ: ഇവിടെ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിരിക്കുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇക്കാര്യത്തെ സംബന്ധിച്ച് അഭിപ്രായം പറയാൻ ഞങ്ങൾക്കവകാശമുണ്ട്.

ഡെ. സ്പീക്കർ: ഈ പ്രശ്നം ഇവിടെ ചർച്ചാവിഷയം ആക്കേണ്ടതില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ശ്രീ. മാണി പറഞ്ഞതുപോലെ അഭിപ്രായം പറയാനുള്ള അവകാശം എനിക്കുമുണ്ട്.

ഡെ. സ്പീക്കർ: ഇവിടെ ഒരു പോയിന്റ് ഓഫ് ഓർഡർ നിലവിലുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആ പോയിന്റ് ഓഫ് ഓർഡർ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. എനിക്കും സംസാരിക്കണം. എനിക്കു പറയാനുള്ളതു എന്താണെന്നു കേൾക്കണം.

മി. ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറെ സംസാരിക്കുവാൻ അനുവദിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അനുവദിച്ചില്ലെങ്കിൽ അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെ. സ്പീക്കർ: ഇവിടെ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിട്ടുള്ളതാണ്. (ബഹളം) ഓർഡർ, ഓർഡർ.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ഏതു മെമ്പർക്കും റൂളിംഗിനു മുൻപു റൂളിംഗ് നൽകുന്ന കാരണത്തെസംബന്ധിച്ച് പറയാൻ അവകാശമുണ്ട്. (ബഹളം)

മി. ഡെ. സ്പീക്കർ: ഒരു പോയിന്റ് ഓഫ് ഓർഡറിനെ സംബന്ധിച്ച് സഭയിലെ എല്ലാപേരുടെയും അഭിപ്രായം കേട്ടിട്ടു വേണം റൂളിംഗ് നൽകാൻ എന്നു സഭാനടപടിച്ചട്ടങ്ങളിൽ എവിടെയും പറയുന്നില്ല. (സഭയിൽ ബഹളം)

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എനിക്കു പറയാനുള്ളതുകൂടി കേൾക്കണം. (ബഹളം)

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. ഇവിടെ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചതിനെപ്പറ്റി 140 അംഗങ്ങളുടെയും അഭിപ്രായം ചോദിച്ചാൽ പോയിന്റ് ഓഫ് ഓർഡർ മാത്രമേ ചർച്ച ചെയ്യാൻകഴിയൂ. (ബഹളം) പോയിന്റ് ഓഫ് ഓർഡർ സംബന്ധിച്ച് റൂളിംഗ് നൽകാനുള്ളത് ചെയർ ആണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അതിൽ ഞങ്ങൾക്കു പറയാനുള്ളതുകൂടി കേൾക്കണം.

മി. ഡെ. സ്പീക്കർ: അതിന്റെ ആവശ്യമില്ല. ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള ഇരിക്കണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇല്ല. നിങ്ങളെന്നെ സഭയിൽ നിന്നു പുറത്താക്കിയാൽപോലും ഞാൻ ഇരിക്കുകയില്ല. (ബഹളം)

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. സഭ നടത്തിക്കൊണ്ടു പോകാൻ ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ജനതാപാർട്ടിയുടെ പ്രതിനിധിയെന്ന നിലയിൽ അദ്ദേഹത്തിന്റെ അഭിപ്രായം പറയാൻ അവകാശമില്ലേ? മാണിക്കു സംസാരിക്കുവാൻ അനുവാദംകൊടുത്തു. എനിക്കു അനുവാദം തന്നു. അതുപോലെ അദ്ദേഹത്തിനും സംസാരിക്കുവാൻ അവകാശമുണ്ട്. അദ്ദേഹംകൂടി സംസാരിക്കട്ടെ.

മി. ഡെ. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ സംബന്ധിച്ച് ചർച്ച അനുവദിക്കുന്നതല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എന്റെ പാർട്ടിയുടെ അഭിപ്രായം പറയാനുള്ള അവകാശ എനിക്കുണ്ട്. (ബഹളം).

മി. ഡെ. സ്പീക്കർ: സ്പീക്കർ എഴുന്നേറ്റു നിന്നാൽ ഇരിക്കണമെന്നുള്ള സാമാന്യ മര്യാദയെങ്കിലും ബഹുമാനപ്പെട്ട മെമ്പർ കാണിക്കണം.

(ഈയവസരത്തിൽ ശ്രീ. ബാലകൃഷ്ണപിള്ള തന്റെ സീറ്റിൽ ഇരുന്നു.)

ഇവിടെ സഭയുടെ ഡെ. ലീഡർ ഓഫ് ഓപ്പോസിഷൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. അദ്ദേഹം കാര്യങ്ങൾ വളരെ വ്യക്തമായിത്തന്നെ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. അതിനെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റു പാർട്ടിയുടെ ഡെ. ലീഡർക്കു അഭിപ്രായം പറയാനുണ്ടെന്നു പറഞ്ഞു. അതും അനുവദിച്ചു. അതുപോലെതന്നെ സഭാനേതാവിന്റെ ഭാഗത്തുനിന്നും സഭാനേതാവിന്റെ അസാന്നിദ്ധ്യത്തിൽ....

(സഭാനേതാവ് ഇവിടെത്തന്നെയുണ്ടായിരുന്നു എന്നു പ്രതിപക്ഷാംഗങ്ങൾ വിളിച്ചു പറഞ്ഞു. സഭാനേതാവ് സഭയിൽ ഉണ്ടായിരുന്നു.)

ഓർഡർ, ഓർഡർ. മന്ത്രിമാരുടെ ഭാഗത്തുനിന്നു ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയും അതിനെസംബന്ധിച്ച് അഭിപ്രായം പറഞ്ഞു. മന്ത്രിമാരുടെ ഭാഗത്തുനിന്നും അഭിപ്രായം പറഞ്ഞു. ഇനി ഇതു ചർച്ച ചെയ്യേണ്ടതില്ല.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: എന്താണിത്? പോലീസ് നടപടിയാണോ?

മി. ഡെ. സ്പീക്കർ: ഈ പ്രശ്നം ചർച്ച ചെയ്യേണ്ടതില്ല. വളരെ വ്യക്തമായിത്തന്നെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിട്ടുള്ളതാണ്. ഇനി ഇതിനെ സംബന്ധിച്ച് ചെയറിന്റെ റൂളിംഗ് നൽകുകമാത്രമേ ആവശ്യമായിട്ടുള്ളു എന്നാണ് ഞാൻ കരുതുന്നത്. പോയിന്റ് ഓഫ് ഓർഡറിനു എന്തു ചർച്ചയാണ്? (സഭയിൽ ബഹളം)

ശ്രീ. ടി.കെ. രാമകൃഷ്ണൻ: റൂളിംഗിനു മുൻപു ബാലകൃഷ്ണപിള്ളയ്ക്കു പറയാനുള്ളത് പറയാനുള്ള സന്ദർഭം കൊടുക്കണം.

മി. ഡെ. സ്പീക്കർ: ഇവിടെ ബഹുമാനപ്പെട്ട എല്ലാ മെമ്പറൻമാരുടെയും അഭിപ്രായങ്ങൾ കേട്ടിട്ടു മാത്രമേ റൂളിംഗ് നൽകാവൂ എന്ന കീഴ്വഴക്കമോ സമ്പ്രദായമോ നിലവിലില്ല, ആവശ്യവുമില്ല.

ശ്രീ. എ.എ. റഹിം: അത് ഏതായാലും എനിക്കും ശ്രീ. ടി.കെ. രാമകൃഷ്ണനും സമയം അനുവദിച്ചു.

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. ഇതിനെക്കുറിച്ച് സഭാനേതാവിന്റെ അഭിപ്രായം അറിയണം.

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻനായർ): ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും മാർക്സിസ്റ്റുപാർട്ടിയുടെ ഉപനേതാവും ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡർ ആണ് വിഷയം. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർ ചിലർ ഇവിടെ ഇടപെട്ടിരുന്നതുകൊണ്ട് അവർക്കു ഇതിനെപ്പറ്റി ഒരു വിശദീകരണം നൽകാനുണ്ടായിരുന്നു, അതിനു ബഹുമാനപ്പെട്ട ഹോംമിനിസ്റ്റർ വിശദീകരണം നൽകി. ഇനിയും ഈ വിഷയം ഈ സഭയിൽ ചർച്ചാവിഷയമാക്കണോ വേണ്ടയോ എന്നുള്ളതാണ് പ്രശ്നം. അതിനുള്ള സ്വാതന്ത്ര്യവും അവകാശവും എല്ലാം ചെയറിനാണ്. അങ്ങനെയൊരു ചർച്ച വേണമെന്നു ചെയർ തീരുമാനിച്ചാൽ ആ ചർച്ച ആകാം. അങ്ങനെയൊരു ചർച്ച വേണ്ടെന്നു ചെയർ തീരുമാനിച്ചാൽ പിന്നെ ചർച്ചയ്ക്കു നിർബന്ധിക്കുവാൻ ആർക്കും അവകാശമില്ല. അങ്ങനെയൊരു ചർച്ച വേണ്ടെന്നു അങ്ങു പറഞ്ഞുകഴിഞ്ഞു. അതു പറഞ്ഞതിനുശേഷവും ബഹുമാനപ്പെട്ട ശ്രീ. ആർ. ബാലകൃഷ്ണപിള്ള ചർച്ചവേണം, അദ്ദേഹത്തിന്റെ അഭിപ്രായം അദ്ദേഹത്തിനു പറഞ്ഞേ മതിയാകൂ അത് അങ്ങു സമ്മതിച്ചില്ലെങ്കിലും പറയും എന്നിവിടെ പറഞ്ഞു. അദ്ദേഹം ബഹുമാനപ്പെട്ട ഡെ. സ്പീക്കർ നൽകിയ നിർദ്ദേശത്തെ ധിക്കരിച്ചുകൊണ്ട് ചില അഭിപ്രായപ്രകടനങ്ങൾ നടത്തി. സർ, ഇങ്ങനെ ഈ സഭാനടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ഡെ. സ്പീക്കറുടെ തീരുമാനത്തിനു വിധേയമായി ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള ആ തീരുമാനം അംഗീകരിക്കണമെന്നാണ് എനിക്കു ഈ സഭയിലെ എല്ലാ മെമ്പറൻമാർക്കും വേണ്ടി അദ്ദേഹത്തിനോടു അപേക്ഷിക്കുവാനുള്ളത്. ഈ പ്രശ്നങ്ങളൊന്നും തെറ്റായ തരത്തിൽ നിർബന്ധബുദ്ധിയോടുകൂടി വീക്ഷിക്കരുതെന്നും ഞാൻ അപേക്ഷിക്കുന്നു. സഭയുടെ സ്പീക്കറോ ഡെ. സ്പീക്കറോ കൊടുക്കുന്ന റൂളിംഗ് ധിക്കരിച്ച് എനിക്കു പറയാനുള്ളതു പറഞ്ഞേ അടങ്ങൂ എന്നുള്ള നിലപാടു ബഹുമാനപ്പെട്ട മെമ്പറൻമാർ സ്വീകരിക്കരുത്. അതുകൊണ്ട് ചർച്ച വേണ്ടെന്ന് അങ്ങു പറഞ്ഞ നിലയ്ക്കു ചർച്ചയില്ലാതെ അങ്ങയുടെ തീരുമാനം അറിയിച്ചാൽ മതിയെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ അവതരിപ്പിച്ചത് ശരിയല്ല. ചർച്ച വേണമെന്ന് ആരും പറഞ്ഞില്ല. ഞാൻ അതിനെപ്പറ്റി അഭിപ്രായം പറഞ്ഞു. ശ്രീ. റഹീം അഭിപ്രായം പറഞ്ഞു. അതുപോലെതന്നെയാണ് ജനതാപാർട്ടിയുടെ പ്രതിനിധി എന്നുള്ള നിലയിൽ ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് അഭിപ്രായം പറയാനുള്ള സൗകര്യം കൊടുക്കണമെന്ന് പറയുന്നത്. അല്ലാതെ റൂളിംഗിൽ പ്രതിഷേധിച്ചുകൊണ്ട് ഒന്നും പറഞ്ഞിട്ടില്ല. അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കുന്നത് ചർച്ചയാവില്ല.

(ബഹളം)

മി. ഡെ. സ്പീക്കർ: ഇവിടെ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ അതിന് റൂളിംഗ് നൽകുന്നതിന് എല്ലാ പാർട്ടികളുടേയും അഭിപ്രായം കേൾക്കണമെന്നുള്ള നിർദ്ദേശം വളരെ ഭൗർഭാഗ്യകരമായ ഒന്നാണ്. അങ്ങനെയൊരു കീഴ്വഴക്കം ഇവിടെ ഇല്ല, നിയമത്തിലും അങ്ങനെയില്ല. മാത്രമല്ല സഭയുടെ വിലപ്പെട്ടതായ സമയം ഒരു റൂളിംഗ് നൽകുകയെന്ന പ്രശ്നത്തിൽ എല്ലാവരുടേയും അഭിപ്രായം കേൾക്കാൻ വേണ്ടി പാഴാക്കി കളയുന്നത് വളരെ ഖേദകരമായ സ്ഥിതിയാണ്. അതുകൊണ്ട് ഇതിലേക്ക് മറ്റ് അഭിപ്രായങ്ങളൊന്നും ആവശ്യമില്ല. ഇവിടെ ഉന്നയിച്ചതായിട്ടുള്ള പോയിന്റ് ഓഫ് ഓർഡറിന് ഞാൻ റൂളിംഗ് നൽകുകയാണ്.

ചോദ്യോത്തരസമയത്ത് പോയിന്റ് ഓഫ് ഓർഡർ ആകട്ടെ സബ് മിഷനാകട്ടെ അനുവദിക്കുന്നതായ കീഴ്വഴക്കം ഈ സഭയിൽ ഇല്ല. അതിൽനിന്നും വ്യത്യസ്തമായി ഒരിക്കൽ ഞാൻ ചെയറിലിരിക്കുമ്പോൾ ഒരു കാര്യം പറഞ്ഞത് ഞാൻ ഈ അവസരത്തിൽ ഓർക്കുകയാണ്. അന്ന് ശ്രീ. ബാലകൃഷ്ണപിള്ള തന്നെ പോയിന്റ് ഓഫ് ഓർഡർ എന്ന് പറഞ്ഞപ്പോൾ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കുകയില്ല, സബ് മിഷൻ ആകാമെന്ന് ഞാൻ ഒരിക്കൽ പറയുകയുണ്ടായി. പക്ഷേ സ്പീക്കർ പിന്നീട് അത് സഭാനടപടി ചട്ടങ്ങൾക്ക് ചേർന്നതല്ലെന്നും ചോദ്യോത്തരസമയത്ത് പോയിന്റ് ഓഫ് ഓർഡറും സബ്മിഷനും ഒന്നും തന്നെ അനുവദിക്കുന്നതല്ലെന്നും റൂളിംഗ് നൽകിയിട്ടുള്ളത് ഈ സഭയുടെ പരമമായ തീരുമാനമായി രേഖപ്പെട്ടു കിടക്കുകയാണ്. അതുകൊണ്ട് ആ തീരുമാനം ഈ സഭയ്ക്ക് ബാധകമാണ്. ഇവിടെ ചോദ്യോത്തരസമയത്ത് വളരെ ഭൗർഭാഗ്യകരമായ ചില കോലാഹലങ്ങളെല്ലാം ഉണ്ടായി. ആ കോലാഹലങ്ങളെ സംബന്ധിച്ചിടത്തോളം ഒന്നും തന്നെ സഭാ നടപടികളിൽ ഉൾപ്പെടുന്നതല്ലെന്ന് ഞാൻ പറഞ്ഞത് അത് ഒരു റൂളിംഗ് തന്നെയാണ്. ഇവിടെ ചോദ്യമായിട്ടു ഒരു ചോദ്യം

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിക്കാൻ ബഹുമാനപ്പെട്ട ശ്രീ. നാരായണൻ നായരെ അനുവദിച്ചു. അദ്ദേഹം ചില പരാമർശങ്ങളോടുകൂടി ചോദ്യം ഉന്നയിക്കാൻ തുടങ്ങിയപ്പോൾ ആ പരാമർശം സഭാനടപടികളിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ലെന്ന് ഞാൻ റൂളിംഗ് നൽകുകയുണ്ടായി. ചോദ്യം മാത്രമേ സഭാനടപടികളിൽ ഉൾപ്പെടുത്താൻ നിർവ്വാഹമുള്ളൂ. അതിന്റെ മറുപടി ബഹുമാനപ്പെട്ട മന്ത്രി പറയുകയും ചെയ്തു. അത് ഒഴിവാക്കിയിട്ട് ഇന്ന് നടന്ന കോലാഹലങ്ങളെക്കുറിച്ച് അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും പലരും പല അഭിപ്രായങ്ങളും പറയുകയുണ്ടായി. ആ അഭിപ്രായങ്ങളൊന്നും ചോദ്യോത്തരവേളയിൽ പ്രസക്തമോ സഭാനടപടി ചട്ടങ്ങൾക്ക് ചേർന്നതോ അല്ലാത്തതിനാൽ അതൊന്നും തന്നെ സഭാ നടപടി ചട്ടങ്ങളിൽ ഉൾപ്പെടുന്നതല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാർ വളരെ സൗമനസ്യത്തോടുകൂടി സഭാ നടപടികൾ മുമ്പോട്ടു കൊണ്ടുപോകാൻ സഹകരിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഈ പ്രശ്നം സഭയുടെ മുമ്പിൽ വയ്ക്കുകയാണ്.

ശ്രീ. എ.എ. റഹിം: അങ്ങ് പ്രധാനപ്പെട്ട ഒരു പ്രശ്നം വിട്ടുകളഞ്ഞു. മന്ത്രിമാരുടെ മറുപടിയിൽ മെമ്പർമാർ ഇടപെടാൻ പാടില്ലെന്ന് പറഞ്ഞു. അതിനെപ്പറ്റി അഭിപ്രായം പറഞ്ഞില്ല.

മി. ഡെ. സ്പീക്കർ: അത് മുമ്പുതന്നെ നൽകിയിട്ടുള്ള റൂളിംഗാണ്. മന്ത്രിമാർ നൽകിയിട്ടുള്ള മറുപടി ഇന്നവിധത്തിലായിരിക്കണമെന്ന് നിർദ്ദേശിക്കുവാൻ സ്പീക്കർക്ക് അധികാരമില്ലാത്തതാണ്. ബഹുമാനപ്പെട്ട മന്ത്രിമാർ പറയുന്ന മറുപടി ശരിയാകാം, തെറ്റാകാം. അതെല്ലാം തന്നെ ബഹുമാനപ്പെട്ട മെമ്പർമാരുടെ യുക്തംപോലെ സ്വീകരിക്കാം. ചിലർക്ക് തെറ്റാണെന്നുള്ള രീതിയിൽ കരുതാം. ചിലർക്ക് ശരിയാണെന്നുള്ള രീതിയിലും കരുതാമെന്നുള്ളതല്ലാതെ ഇന്നരീതിയിൽ ഉത്തരം കൊടുക്കണമെന്ന് നിർദ്ദേശം കൊടുക്കാൻ സ്പീക്കർക്ക് തന്നെയും അധികാരമില്ലെന്നുള്ള കാര്യം ഇതിനുമുമ്പു തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. അതുകൊണ്ട് അടുത്ത വിഷയത്തിലേക്ക് പ്രവേശിക്കുകയാണ്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ഇവിടെ പ്രസക്തമായിട്ടുള്ള പ്രശ്നം ഇതല്ല. ഇവിടെ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചതിനുശേഷം അതിനു റൂളിംഗ് പുറപ്പെടുവിക്കുന്നതിനു മുമ്പായി അതിനെ സംബന്ധിച്ച് അഭിപ്രായങ്ങൾ കേൾക്കാനുള്ള സന്ദർഭം കൊടുക്കുന്നത് ഈ സഭയിലെ കീഴ്വഴക്കമാണ്. പ്രതിപക്ഷ ഉപനേതാവ് സംസാരിച്ചു. ഞാൻ സംസാരിച്ചു. ശ്രീ. മാണി സംസാരിച്ചു.

മി. ഡെ. സ്പീക്കർ: സഭാ നടപടികളിലേക്ക് പ്രവേശിക്കാനുള്ള സൗകര്യം കൊടുക്കണം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ശ്രീ. ബാലകൃഷ്ണപിള്ള സംസാരിക്കാൻ എഴുന്നേറ്റപ്പോൾ എല്ലാവർക്കും സംസാരിക്കാൻ അവകാശമില്ലെന്നു പറഞ്ഞു. അതിനെപ്പറ്റി അങ്ങ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി അഭിപ്രായം ആരാഞ്ഞു. മുഖ്യമന്ത്രി പറഞ്ഞത് അതിനെ ഒരു ചർച്ചയിലേക്ക് കൊണ്ടുപോകാൻ പാടില്ലെന്നാണ്.

(ബഹളം)

സർ, സംസാരിക്കാൻ സമ്മതിക്കാതെ സഭാനടപടികൾ നടത്താൻ സമ്മതിക്കുകയില്ല. എനിക്ക് സംസാരിക്കാൻ അവകാശമുണ്ടായെന്ന് അറിയണം.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): എന്ത് അടിസ്ഥാനത്തിലാണെന്നറിയണം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: അത് ഞാൻ പറയുമ്പോഴും മനസ്സിലാകും. അത് കേൾക്കാൻ മനസ്സില്ലെങ്കിൽ പെവിപൊത്തി ഇരുന്നാൽ മതി. ശ്രീ. ബാലകൃഷ്ണപിള്ളയെ സംസാരിക്കാൻ അനുവദിക്കുന്നതിനെപ്പറ്റി സഭാനേതാവിന്റെ അഭിപ്രായം ആരാഞ്ഞു. സഭാനേതാവ് അത് അനുവദിക്കേണ്ട കാര്യമില്ലെന്നും സ്പീക്കർ തീരുമാനിച്ചാൽ മതിയെന്നും പറഞ്ഞു. ഒരു മെമ്പർക്ക് സംസാരിക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഇന്ന് ഈ സമയത്തെ സഭാനടപടികളിൽ പങ്കെടുക്കുന്നത് ശരിയല്ല. അതുകൊണ്ട് മുഖ്യമന്ത്രിയുടെ ഈ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഈ സമയത്തേയ്ക്ക് സഭയിൽനിന്നും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ടി.കെ. രാമകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി)

ശ്രീ. എ.എ. റഹീം: ഇവിടെ ഉന്നയിച്ച ഒരു പ്രശ്നത്തെക്കുറിച്ച് ഒരു പ്രതിപക്ഷ പാർട്ടിയുടെ നേതാവിനുകൂടി അഭിപ്രായം പറയുവാനുള്ള അവകാശം നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപെട്ടവരും സഭയിൽനിന്നും ഇറങ്ങിപ്പോവുകയാണ്. [കോൺഗ്രസ് (ഐ) യിലെ അംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്ന് ഇറങ്ങിപ്പോയി. കൂടാതെ ജനതാപാർട്ടിയിൽപ്പെട്ട അംഗങ്ങളും, പ്രതിപക്ഷ മുസ്ലീം ലീഗിൽപ്പെട്ട അംഗങ്ങളും, എൻ.ഡി.പി. (ലീഡർ ശ്രീ. എൻ. ഭാസ്കരൻ നായർ) യിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോയി].

ശ്രീ. കെ. പങ്കജാക്ഷൻ: റൂളിംഗിനെപ്പറ്റി സംസാരിക്കുവാൻ സ്പീക്കറുടെ അനുവാദം വേണം. സ്പീക്കറുടെ അനുവാദം കൂടാതെ ഒരു പാർട്ടിയിൽപെട്ടവർക്കും സംസാരിക്കുവാനവകാശമില്ല.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. സ്പീക്കറുടെ റൂളിംഗിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നത് ആർഡറിലാണോ?

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇറങ്ങിപ്പോകുമ്പോൾ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത് സ്പീക്കറുടെ റൂളിംഗിലുള്ള പ്രതിഷേധംകൊണ്ട് ഇറങ്ങിപ്പോകുന്നു എന്നാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. അവർ പോയിയെങ്കിലും ഇത് ഒരു ഗൗരവമുള്ള പ്രശ്നമാണ്. ഒരു റൂളിംഗ് നൽകുന്നതിന് അങ്ങ് ആരുടെയെങ്കിലും അഭിപ്രായം ചോദിക്കാതെ ഒരു ചർച്ച അനുവദിക്കുവാൻ നിയമസഭാ നടപടിക്രമം അനുസരിച്ച് അവകാശപ്പെടാൻ ആർക്കെങ്കിലും അവകാശമുണ്ടോ?

മി. ഡെ. സ്പീക്കർ: അങ്ങനെ ആർക്കും അവകാശമില്ല. ആരെങ്കിലും ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ, അഭിപ്രായം അറിയണമെന്നു ചെയറിന് ആവശ്യമുണ്ടെങ്കിൽ ചെയർ ചോദിക്കുന്നതനുസരിച്ച് പറഞ്ഞതിനുശേഷം മാത്രമാണ് റൂളിംഗ് നൽകുന്നത്. അതിനെക്കുറിച്ച് വ്യക്തമായി നേരത്തെതന്നെ പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly